# Visit of Minister of State for External Affairs, Shri V. Muraleedharan to Sri Lanka (February 3-4, 2023)

February 03, 2023

---

**വിദേശകാര്യ സഹമന്ത്രി ശ്രീ വി. മുരളീധരന്റെ ശ്രീലങ്കൻ സന്ദർശനം (ഫെബ്രുവരി 3-4, 2023)**

ഫെബ്രുവരി 03, 2023

ശ്രീലങ്കൻ ഗവൺമെന്റിന്റെ ക്ഷണപ്രകാരം, വിദേശകാര്യ, പാർലമെന്ററി കാര്യ സഹമന്ത്രി, ശ്രീ വി. മുരളീധരൻ 2023 ഫെബ്രുവരി 4 ന് ശ്രീലങ്കയുടെ 75-ാമത് സ്വാതന്ത്ര്യ ദിനത്തോടനുബന്ധിച്ചുള്ള ആഘോഷങ്ങളിൽ പങ്കെടുക്കാൻ കൊളംബോ സന്ദർശിക്കുന്നു.

സന്ദർശന വേളയിൽ, രാഷ്ട്രപതി ശ്രീ.റനിൽ വിക്രമസിംഗെ, ശ്രീലങ്കൻ വിദേശകാര്യമന്ത്രി അലി സബ്രി എന്നിവരുമായി പരസ്പര താൽപ്പര്യമുള്ള കാര്യങ്ങളിൽ വിദ്ദേശകാര്യ സഹമന്ത്രി പ്രത്യേക ഉഭയകക്ഷി ആശയവിനിമയം നടത്തും. ഇന്ത്യൻ ഡയസ്പോറയിലെ പ്രമുഖരുമായി അദ്ദേഹം സംവേദനാത്മക സെഷനും നടത്തും.

ഇന്ത്യയും ശ്രീലങ്കയും തമ്മിൽ നയതന്ത്രബന്ധം സ്ഥാപിച്ചതിന്റെ 75-ാം വാർഷികം കൂടിയാണ് ഈ വർഷം എന്നത് അനുസ്മരിക്കേണ്ടതാണ്. ഇന്ത്യയുടെ അടുത്ത അയൽരാജ്യവും സുഹൃത് രാജ്യവുമാണ് ശ്രീലങ്ക, ഇന്ത്യയുടെ 'അയൽരാജ്യങ്ങൾക്ക് മുൻഗണന' എന്ന നയത്തിൽ ശ്രീലങ്ക ഒരു പ്രധാന സ്ഥാനം വഹിക്കുന്നു. ശ്രീലങ്കയിലെ ജനങ്ങളുടെ സാമ്പത്തിക വീണ്ടെടുപ്പിനും വളർച്ചയ്ക്കും സമൃദ്ധിക്കും ഒപ്പം നിൽക്കാൻ ഇന്ത്യ എപ്പോഴും പ്രതിജ്ഞാബദ്ധമാണ്.

**ന്യൂ ഡെൽഹി**
**ഫെബ്രുവരി 03, 2023**

DISCLAIMER: This is an approximate translation. The original is available in English on MEA’s website and may be referred to as the official press release.